**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 13** | **10-06-2024 - ൽ മറുപടിയ്ക്ക്**

**മാനസികാരോഗ്യപരിചരണ അതോറിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ.,<br>ഡോ. കെ. ടി. ജലീൽ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. പി. ടി. എ. റഹീം | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മാനസികാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മാനസികാരോഗ്യ കേന്ദ്രങ്ങളുടെയും ചികിത്സകരുടെയും രജിസ്ട്രേഷൻ നിയന്ത്രിക്കുന്നതിനും മാനസികാരോഗ്യപരിചരണ അതോറിറ്റിയ്ക്ക് വേണ്ടി 'മെന്റൽ ഹെൽത്ത് കെയർ ചട്ടം' തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | 2017 ലെ മാനസികാരോഗ്യ പരിപാലന നിയമം പ്രകാരം രൂപീകരിച്ച കേരള സ്റ്റേറ്റ് മെൻറൽ ഹെൽത്ത് അതോറിറ്റി, പ്രസ്തുത നിയമം അനുശാസിക്കുന്ന പ്രകാരം സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിച്ചു വരുന്നു. മെന്റൽ ഹെൽത്ത് അതോറിറ്റിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ, സാമൂഹ്യ നീതി വകുപ്പ്, ആഭ്യന്തരവകുപ്പ്, ധനകാര്യ വകുപ്പ്, നിയമ വകുപ്പ് എന്നിവയുടെ പ്രതിനിധികൾ, കൂടാതെ മാനസികാരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർ, സൈക്യാട്രിസ്റ്റ്, മെൻറൽ ഹെൽത്ത് നഴ്സ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മാനസികാരോഗ്യ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെ പ്രതിനിധികൾ, മാനസികരോഗികൾ/ മാനസികരോഗമുക്തർ എന്നിവരെ പ്രതിനിധികരിക്കുന്നവർ എന്നിവർ അംഗങ്ങളാണ്. മേൽ വകുപ്പുകളുടെയും വിദഗ്ധരുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ച് മാനസികാരോഗ്യപരിപാലന മേഖലയിൽ ആവശ്യമായ ഇടപെടലുകൾ നടത്തി വരുന്നു.<br><br>സംസ്ഥാനത്തെ മാനസികാരോഗ്യ സ്ഥാപനങ്ങളുടെയും ചികിത്സകരുടെയും രജിസ്ട്രേഷൻ അനുവദിക്കുന്നതിന്, 26.03.2023 തീയതിയിലെ സ.ഉ.(പി) 24/2023/H&FWD ഉത്തരവ് പ്രകാരം Mental Health Care (Kerala State Mental Health Authority) Rules, 2023, എന്ന ചട്ടങ്ങൾ SRO No.502/2023 ആയി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ബി) | മാനസികാരോഗ്യപരിചരണ അതോറിറ്റിയുടെ ഘടനയും പ്രവർത്തനങ്ങളും എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | **കേരള സ്റ്റേറ്റ് മെൻറൽ ഹെൽത്ത് അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.** |

സംസ്ഥാന അതോറിറ്റിയിൽ താഴെ പറയുന്ന ചെയർപേഴ്സണും അംഗങ്ങളും ഉൾപ്പെടുന്നു.

(എ) ആരോഗ്യവകുപ്പിലെ പ്രിൻസിപ്പൽ സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി - ചെയർപേഴ്സൺ (എക്സ് ഒഫീഷ്യോ)

(ബി) മാനസികാരോഗ്യത്തിന്റെ ചുമതലയുള്ള ആരോഗ്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി - എക്സ് ഒഫീഷ്യോ അംഗം

(സി) ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസ് അല്ലെങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ - എക്സ് ഒഫീഷ്യോ അംഗം

(ഡി) സാമൂഹ്യനീതി വകുപ്പിലെ ജോയിന്റ് സെക്രട്ടറി - എക്സ് ഒഫീഷ്യോ അംഗം

(ഇ) ബന്ധപ്പെട്ട സംസ്ഥാന സർക്കാർ മന്ത്രാലയങ്ങളിൽ നിന്നോ വകുപ്പുകളിൽ നിന്നോ ഉള്ള മറ്റ് എക്സ് ഒഫീഷ്യോ പ്രതിനിധികൾ

1. അഡീഷണൽ ലോ സെക്രട്ടറി, നിയമ വകുപ്പ്.

2. അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

3. ജോയിന്റ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

(എഫ്) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ ഏതെങ്കിലും മാനസിക ആശുപത്രിയുടെ തലവൻ അല്ലെങ്കിൽ ഏതെങ്കിലും സർക്കാർ മെഡിക്കൽ കോളേജിലെ സൈക്യാട്രി വിഭാഗം തലവൻ - അംഗം

(ജി) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന സർക്കാർ സർവീസിലല്ലാത്ത ഒരു പ്രമുഖ സൈക്യാട്രിസ്റ്റ് - അംഗം

(എച്ച്) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന കുറഞ്ഞത് പതിനഞ്ച് വർഷത്തെ സേവന പരിചയമുള്ള ആയുർവ്വേദം, ഹോമിയോ, യുനാനി, സിദ്ധ എന്നീ വിഭാഗത്തിൽ ബിരുദാനന്തര ബിരുദം ഉള്ള, ഒരു മാനസികാരോഗ്യ വിദഗ്ധൻ - അംഗം

(ഐ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികാരോഗ്യപരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു സൈക്യാട്രിക് സോഷ്യൽ വർക്കർ - അംഗം

(ജെ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികാരോഗ്യപരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു ക്ലിനിക്കൽ സൈക്കോളജിസ്റ്റ് - അംഗം

(കെ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികാരോഗ്യപരിപാലന മേഖലയിൽ കുറഞ്ഞത് പതിനഞ്ച് വർഷത്തെ പരിചയമുള്ള ഒരു മെന്റൽ ഹെൽത്ത് നഴ്സ് - അംഗം

(എൽ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികരോഗമുള്ള / മാനസിക രോഗമുക്തർ ആയവരെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ - അംഗം

(എം) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികരോഗമുള്ളവർക്ക് പരിചരണം നൽകുന്നവരെ പ്രതിനിധികരിക്കുന്ന അല്ലെങ്കിൽ പരിചരണം നൽകുന്ന സംഘടനയെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ - അംഗം

(എൻ) സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മാനസികരോഗമുള്ളവർക്ക് സേവനങ്ങൾ നൽകുന്ന സർക്കാർ ഇതര സംഘടനകളെ പ്രതിനിധീകരിക്കുന്ന രണ്ട് വ്യക്തികൾ - അംഗം

**കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയുടെ പ്രവർത്തനം ചുവടെ ചേർക്കുന്നു.**

1. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടാത്ത സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ സ്ഥാപനങ്ങളെയും രജിസ്റ്റർ ചെയ്ത് പരിപാലിക്കുകയും ആയതിന്റെ വിശദാംശങ്ങൾ ഓൺലൈനിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുക.

| | | | |
|---|---|---|---|
| | | | 2. സംസ്ഥാനത്തെ വിവിധ തരത്തിലുള്ള മാനസികാരോഗ്യ സ്ഥാപനങ്ങളുടെ ഗുണനിലവാരവും സേവന നിലവാരവും മെച്ചപ്പെടുത്തുക.<br><br>3. സംസ്ഥാനത്തെ എല്ലാ മാനസികാരോഗ്യ സ്ഥാപനങ്ങളുടെയും മേൽനോട്ടം വഹിക്കുകയും, ഇവ നൽകുന്ന സേവനങ്ങളുടെ പോരായ്മകളെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കുകയും ചെയ്യുക.<br><br>4. മാനസികാരോഗ്യ പ്രൊഫഷണലുകളായി പ്രവർത്തിക്കുന്നതിന് യോഗ്യതയുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ, മെന്റൽ ഹെൽത്ത് നഴ്സുമാർ, സൈക്യാട്രിക് സോഷ്യൽ വർക്കർമാർ എന്നിവരെ രജിസ്റ്റർ ചെയ്ത് അവരുടെ ലിസ്റ്റ് സ്റ്റേറ്റ് അതോറിറ്റിയുടെ നിയമാവലിക്ക് അനുസൃതമായി പ്രസിദ്ധീകരിക്കുക.<br><br>5. നിയമ നിർവ്വഹണ ഉദ്യോഗസ്ഥർ, മാനസികാരോഗ്യ വിദഗ്ധർ, മറ്റ് ആരോഗ്യ വിദഗ്ധർ എന്നിവർ ഉൾപ്പടെ ബന്ധപ്പെട്ട വ്യക്തികൾക്ക് 2017 ലെ മാനസികാരോഗ്യ പരിപാലന നിയമത്തിന്റെ വ്യവസ്ഥകളെക്കുറിച്ചും നടപ്പാക്കലിനെക്കുറിച്ചും പരിശീലനം നൽകുക.<br><br>6. മാനസികാരോഗ്യവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഏൽപ്പിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ നിർവ്വഹിക്കുക. |
| (സി) | മാനസികപ്രശ്നങ്ങൾ നേരിടുന്നവരുടെ അവകാശലംഘനത്തിൽ നടപടി എടുക്കുന്നതിന് നിയമപാലകർ, മാനസികാരോഗ്യവിദഗ്ദ്ധർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | മാനസിക പ്രശ്നങ്ങൾ നേരിടുന്നവരുടെ അവകാശ ലംഘനത്തിൽ നടപടി എടുക്കുന്നതിന് നിയമ പാലകർ, മാനസികാരോഗ്യ വിദഗ്ധർ, മറ്റ് ആരോഗ്യ പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ